# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് -കേരള ലോക്കൽ ഗവൺമെന്റ് സർവീസ് ഡെലിവറി പ്രോജക്ട് (കെ.എൽ.ജി.എസ്.ഡി.പി) - പരിഷ്കരിച്ച പാരിസ്ഥിതിക സാമൂഹിക പരിപാലന ചട്ടക്കൂട്- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്**

**സ.ഉ(ആർ.റ്റി)നം.2488/2016/തസ്വഭവ തിരുവനന്തപുരം, തീയതി :20.08.2016.**

പരാമർശം : 1) (സ.ഉ.(സാധാ)നമ്പർ 1055/2011/തസ്വഭവ 23.04.2011

2) 01.04.2014 തീയതിയിലെ 22630/ഡി.എ 1/2014/തസ്വഭവ നമ്പർ സർക്കാർ കത്ത്

## ഉത്തരവ്

പരാമർശം 1 പ്രകാരം പുറപ്പെടുവിച്ച തദ്ദേശമിത്രം കേരള ലോക്കൽ ഗവൺമെന്റ് സർവീസ് ഡെലിവറി പ്രോജക്ട് ഇംപ്ലിമെന്റേഷൻ മാന്വൽ പ്രകാരം പെർഫോർമൻസ് ഗ്രാന്റ് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ പാലിക്കേണ്ട പാരിസ്ഥിതിക സാമൂഹിക പരിപാലന ചട്ടക്കൂടിനെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ നിലവിലുള്ള പാരിസ്ഥിതിക സാമൂഹിക നിയമങ്ങളിലധിഷ്ഠിതമായ പ്രസ്തുത പാരിസ്ഥിതിക സാമൂഹിക പരിപാലന ചട്ടക്കൂട് കെ.എൽ.ജി.എസ്.ഡി.പി. പദ്ധതികളുടെ തുടക്കം മുതൽ (2011-12 കാലയളവു മുതൽ) പാലിക്കുന്നതിനും വിലയിരുത്തുന്നതിനും പ്രത്യേക നിഷ്കർഷ പദ്ധതിയിൽ ഉണ്ടായിരുന്നു. ഇതിനായി നിരവധി ബോധവൽക്കരണ പരിശീലന പരിപാടികൾ നടപ്പിലാക്കുകയും പ്ലാൻ സോഫ്റ്റ് വെയറിൽ പ്രത്യേക പ്രൊഫോർമകൾ ഉൾക്കൊള്ളിക്കുകയും ഉണ്ടായി.

പ്രസ്തുത പാരിസ്ഥിതിക സാമൂഹിക പരിപാലന ചട്ടക്കൂടിന്റെ നടത്തിപ്പ് വിലയിരുത്തുന്നതിനായി പരാമർശം 2-ലെ സർക്കാർ കത്ത് പ്രകാരം കെ.എൽ.ജി.എസ്.ഡി.പി. 15% പദ്ധതികളിൽ പാരിസ്ഥിതിക ആഡിറ്റും നടത്തുകയുണ്ടായി. പ്രസ്തുത ആഡിറ്റ് റിപ്പോർട്ടിന്റെ വെളിച്ചത്തിലും കഴിഞ്ഞ നാല് വർഷത്തെ പദ്ധതി നടത്തിപ്പിന്റെ അനുഭവ പശ്ചാത്തലത്തിലും പാരിസ്ഥിതിക സാമൂഹിക പരിപാലന ചട്ടക്കൂടിന്റെ നിർവഹണം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുറ്റമറ്റതാക്കുന്നതിനുമായി നിലവിലുള്ള ചട്ടക്കൂട് ഒന്നുകൂടെ പരിഷ്കരിക്കേണ്ടത് ആവശ്യമാണെന്ന് കണ്ടെത്തുകയുണ്ടായി. അതിൻ പ്രകാരം തുടർനടപടികൾ കൈക്കൊള്ളുകയും പ്രസ്തുത ചട്ടക്കൂടിന്റെ പരിഷ്കരണത്തിനായി തദ്ദേശസ്വയംഭരണ ജനപ്രതിനിധികളെയും നിർവഹണ ഉദ്യോഗസ്ഥരെയും വിഷയ വിദഗ്ധരെയും ലോകബാങ്ക് പ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ട് ശിൽപശാലകൾ സംഘടിപ്പിക്കുകയും ചെയ്തു. ശില്പശാലകളിൽ ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളും ആശയങ്ങളും മെച്ചപ്പെടുത്തൽ - ഉപാധികളും സമന്വയിപ്പിച്ചുകൊണ്ട് പ്രസ്തുത ചട്ടക്കൂട് പരിഷ്കരിച്ച് ലോകബാങ്കിന്റെ അംഗീകാരം നേടി സർക്കാരിന്റെ അഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും പരിഷ്കരിച്ച പാരിസ്ഥിതിക സാമൂഹിക പരിപാലന ചട്ടക്കൂടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള നിർദ്ദേശങ്ങളും അംഗീകരിച്ചും ചട്ടക്കൂട് കെ.എൽ.ജി.എസ്.ഡി.പി പദ്ധതികൾക്ക് ബാധകമാക്കിക്കൊണ്ടും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
എ.കെ.മോഹനകുമാർ
ഗവ.ജോയിൻറ് സെക്രട്ടറി
തദ്ദേശസ്വയംഭരണ വകുപ്പ്

ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം
ഡയറക്ടർ,നഗരകാര്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും
പ്രോജക്ട് ഡയറക്ടർ, തദ്ദേശമിത്രം, കെ.എൽ.ജി.എസ്.ഡി.പി
എക്സിക്യൂട്ടീവ് ചെയർമാൻ ആൻറ് ഡയറക്ടർ, ഐ.കെ.എം, (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്** - തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

Saradadevi

സെക്ഷൻ ഓഫീസർ